● നരബലിക്ക് കന്യകയുടെ രക്തം വേണം

രോഗിയായ മകനെ സുഖപ്പെടുത്താൻ കാമുകനൊപ്പം മകളെ കൊലപ്പെടുത്തി

ഹസാരിബാഗ്: ഝാർഖണ്ഡിലെ ഹസാരിബാഗ് ജില്ലയിൽ പതിമൂന്നുകാരിയായ മകളെ നരബലി നൽകി യുവതി. സംഭവത്തിൽ അമ്മയെയും അമ്മയുടെ കാമുകൻ ഭീം റാമി(40)നെയും അറസ്റ്റ് ചെയ്തു. കഴിഞ്ഞ മാസം 24 ന് രാത്രി കുസുംഭ ഗ്രാമത്തിൽ രാമനവമി ഘോഷയാത്ര നടക്കുന്നതിനിടെയാണ് പെൺകുട്ടിയെ കാണാതായത്. പിറ്റേന്ന് രാവിലെ എട്ടരയോടെ സ്കൂളിനു പിന്നിലെ മുളങ്കാടിൽനിന്ന് മൃതദേഹം കണ്ടെത്തുകയായിരുന്നു.

അമ്മ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ, പോക്സോ വകുപ്പുകൾ പ്രകാരം ആദ്യം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു. എന്നാൽ ഝാർഖണ്ഡ് ഡി.ജി.പിയുടെ നിർദേശപ്രകാരം പ്രത്യേക അന്വേഷണ സംഘം(എസ്.ഐ.ടി) രൂപീകരിച്ചു. അന്വേഷണത്തിനിടെ അന്ധവിശ്വാസത്തെ തുടർന്നാണ് കൊലപാതകം നടന്നതെന്ന വിവരം ലഭിച്ചു. ഇതോടെ ഞെട്ടിക്കുന്ന സംഭവങ്ങളുടെ പരമ്പര കണ്ടെത്താൻ പോലീസ് അന്വേഷണം വിപുലമാക്കുകയായിരുന്നു.

മന്ത്രവാദ ആചാരങ്ങൾ അനുഷ്ഠിക്കുന്ന 'ഭഗ്തിൻ' എന്നറിയപ്പെടുന്ന 55 വയസുകാരിയായ ശാന്തീദേവിയെ കൊല്ലപ്പെട്ട പെൺകുട്ടിയുടെ അമ്മ നിരന്തരം സന്ദർശിച്ചിരുന്നു.

മൂന്നു മാസത്തോളം ഇവരുമായി ബന്ധപ്പെട്ടിരുന്നുവെന്നും ദുർഗാഷ്ടമിയിൽ ആചാരം നടത്താൻ പറഞ്ഞതായും പോലീസ് പറഞ്ഞു. മകന്റെ രോഗവും കുടുംബത്തിലെ പ്രശ്നങ്ങളും നരബലിയിലൂടെ പരിഹരിക്കാമെന്ന് കൊല്ലപ്പെട്ട പെൺകുട്ടിയുടെ അമ്മയെ ശാന്തീദേവി ബോധ്യപ്പെടുത്തി. ആചാരത്തിന്റെ ഭാഗമായി ഒരു 'കന്യക'യെ ബലിയർപ്പിക്കണമെന്നും മകളെ കൊണ്ടുവരാൻ അമ്മയെ പ്രേരിപ്പിക്കുകയും ചെയ്തു. സംഭവദിവസം രാത്രി അമ്മയും കാമുകനായ ഭീം റാമും ചേർന്ന് പെൺകുട്ടിയെ പൂജയ്ക്കെന്ന വ്യാജേന മന്ത്രവാദിനിയുടെ വീട്ടിലേക്ക് കൊണ്ടുപോയി. പ്രാഥമിക ചടങ്ങുകൾക്കുശേഷം കുട്ടിയെ അടുത്തുള്ള മുളങ്കാട്ടിലേക്ക് കൊണ്ടുപോയി ഭീം റാം കഴുത്തുഞെരിച്ച് കൊലപ്പെടുത്തുകയായിരുന്നു. പെൺകുട്ടിയെ കാമുകൻ കൊലപ്പെടുത്തുന്നതിനിടയിൽ അവളുടെ കാലുകൾ അമ്മ പിടിച്ചുവച്ചെന്നും പോലീസ് പറഞ്ഞു.

പെൺകുട്ടിയുടെ സ്വകാര്യ ഭാഗങ്ങളിൽ മന്ത്രവാദി മരക്കഷണം കയറ്റിയെന്നും ചടങ്ങിനുള്ള രക്തം എടുക്കാൻ ഭീം റാം അവളുടെ തലയിൽ അടിച്ചെന്നും പോലീസ് വ്യക്തമാക്കി. മൃതദേഹം സ്ഥലത്തുതന്നെ ഉപേക്ഷിച്ചു. എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. ഭീം റാമിനെതിരേ തന്റെ സഹോദരഭാര്യയെയും മറ്റൊരാളെയും കൊലപ്പെടുത്തിയ കുറ്റവും ചുമത്തിയിട്ടുണ്ടെന്നു പോലീസ് പറഞ്ഞു.

ഇറക്കുമതി കുരുമുളക് വിൽക്കാൻ കേന്ദ്ര ഉത്തരവ് കർഷകർക്ക് തിരിച്ചടി

● ജോസഫ് വെണ്ണിക്കുളം

മട്ടാഞ്ചേരി

അമേരിക്കയിലേക്ക് കുരുമുളക് കയറ്റുമതി നികുതി വർധനയിൽ ഇറക്കുമതി ചെയ്ത കുരുമുളക് ഇന്ത്യയിൽ തന്നെ വിൽക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ഉത്തരവ് കുരുമുളക് കർഷകർക്ക് തിരിച്ചടി. കഴിഞ്ഞ ഫെബ്രുവരിയിലാണ് ഇറക്കുമതിക്കാർക്ക് അനുകൂലമായ കേന്ദ്ര സർക്കാർ ഉത്തരവ്. എന്നാൽ ഈയിടെയാണ് ഉത്തരവും മറ്റു വിവരങ്ങളും പുറത്ത് വന്നത്.

മൂല്യവർധിത ഉൽപ്പന്നമായ കുരുമുളക് ഇറക്കുമതി ചെയ്ത് കയറ്റുമതി ചെയ്യാൻ ഇറക്കുമതിക്കാർക്ക് കേന്ദ്ര സർക്കാർ നികുതിയിളവുകൾ അനുവദിച്ചിട്ടുണ്ട്. ഇറക്കുമതി–കയറ്റുമതി നിയമത്തിലെ അപാകതകൾ മുതലെടുത്താണ് ഇന്ത്യയിലെ വൻകിട ഇറക്കുമതിക്കാർ വർഷങ്ങളായി കുരുമുളക് കൈപ്പിടിയിലൊതുക്കിയിരുന്നത്. കേന്ദ്ര സർക്കാരിന്റെ ഉത്തരവിൽ ഇറക്കുമതി ലോബികൾക്കു കയറ്റുമതി ചെയ്യാതെ ഇന്ത്യയിൽ എവിടെ വേണമെങ്കിലും വിൽക്കാം.

ഇതെല്ലാം പ്രാവർത്തികമാകുന്നതോടെ ഇറക്കുമതിക്കാരുടെ പോക്കറ്റ് നിറയുമ്പോൾ കർഷകരുടെ നെഞ്ചത്ത് ഇടി തീയാണ് വീഴുന്നത്. ഇന്ത്യയിൽ കുരുമുളകിന്റെ ആഭ്യന്തര ഉപയോഗത്തെക്കാൾ ഉൽപ്പാദനം കുറഞ്ഞിരിക്കെ ഇറക്കുമതി അനിവാര്യമാണെങ്കിലും വലിയ തോതിലാണ് ഇന്ത്യയിലേക്ക് വർഷംതോറും കുരുമുളക് ഇറക്കുമതി വരുന്നത്. ഇതിനു പ്രധാന കാരണം ലോകമെമ്പാടുമുള്ള കുരുമുളക് ഉൽപ്പാദക രാജ്യങ്ങളുടെ കുരുമുളകിനെക്കാൾ ഉയർന്ന വിലയാണ് ഇന്ത്യൻ മുളകിന്. ഇതറിയാവുന്ന മറ്റ് ഉൽപ്പാദക രാജ്യങ്ങൾ ഇന്ത്യയിൽ കുരുമുളക് കയറ്റുമതി ചെയ്യാനാണ് ഏറെയും താൽപര്യം കാട്ടുന്നത്. ഇറക്കുമതി മുളക് ഇന്ത്യയിൽ തന്നെ വിൽക്കാമെന്ന കേന്ദ്ര ഉത്തരവ് പുറപ്പെടുവിപ്പിച്ച ഫെബ്രുവരിയിൽ 1,606 ടൺ കുരുമുളകാണ് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത്.

മുംബൈ, ഗുജറാത്ത് ചെന്നൈ തൂത്തുകുടി, കൊച്ചി തുറമുഖത്തും വല്ലാർപാടത്തും ഇറക്കുമതി മുളക് എത്തിക്കഴിഞ്ഞു. കേന്ദ്ര സർക്കാർ ഉത്തരവു വന്നതോടെ ഫെബ്രുവരിയിൽ ഇറക്കുമതി ചെയ്ത മുളക് ആഭ്യന്തര മാർക്കറ്റിൽ എവിടെ വേണമെങ്കിലും ഇറക്കുമതിക്കാർക്ക് വിറ്റ് ലാഭം കൊയ്യാം.

നഷ്ടം കുരുമുളക് കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ ഉത്തരവിനെതിരേ സംസ്ഥാനത്തെ എം.പിമാർ ഒറ്റക്കെട്ടായി പ്രതികരിക്കണമെന്നാണ് കർഷകർ ഒന്നടങ്കം ആവശ്യപ്പെടുന്നത്.

സ്വർണവില വീണ്ടും കുറഞ്ഞു; പവന് 1,09,240 രൂപ

മട്ടാഞ്ചേരി: ഇന്നലെ രണ്ടു തവണകളിലായി 365 രൂപ കുറഞ്ഞ് സ്വർണവില ഗ്രാമിന് 13655 രൂപയായി. ഇതോടെ 2920 രൂപ കുറഞ്ഞ് പവൻവില 1,09,240 രൂപയായി. 24 കാരറ്റ് പവന് 3180 രൂപ കുറഞ്ഞ് 1,19,180 രൂപ. 18 കാരറ്റ് പവന് 2380 രൂപ കുറഞ്ഞ് 89,390 രൂപ. രാജ്യാന്തര വിലയിൽ ചാഞ്ചാട്ടം തുടർന്ന് സ്വർണം ഔൺസിന് 4671 ഡോളറായി.

പ്രതിരോധ കയറ്റുമതിയിൽ റെക്കോഡ് കുതിപ്പ്

ന്യൂഡൽഹി: ഇന്ത്യയുടെ പ്രതിരോധ കയറ്റുമതിയിൽ ഒരു വർഷത്തിനിടെ 62.66% വർധന. 2025-26 സാമ്പത്തിക വർഷം പ്രതിരോധ കയറ്റുമതി എക്കാലത്തെയും ഉയർന്ന നിരക്കായ 38,424 കോടി രൂപയിലെത്തി.

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ 23,622 കോടി രൂപയിൽ നിന്ന് 62.66% വർധന. 14,802 കോടി രൂപയാണു കൂടിയത്. അമേരിക്ക, ഇസ്രയേൽ എന്നിവയുൾപ്പെടെ 80 ലധികം രാജ്യങ്ങളിലേക്കാണ് ഇന്ത്യ പ്രതിരോധ സാമഗ്രികൾ കയറ്റുമതി ചെയ്യുന്നത്.

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിന്റെ ഡയറക്ടറായി (ടെക്നിക്കൽ ഓപ്പറേഷൻസ്) ചുമതലയേറ്റ ബെന്നി ജോസഫ്. കോട്ടയം കാണക്കാരി കണിയാംമാട്ടേൽ കുടുംബാംഗമാണ്. ബോബി മാത്യുവാണ് ഭാര്യ. ജസ്റ്റിൻ, ജെറിൻ, ജിതിൻ എന്നിവർ മക്കൾ.

ചരിത്രത്തിലേക്ക് പറന്നുയർന്ന് ആർട്ടിമിസ് 2

ഭൂമി വിറപ്പിക്കുന്ന ശബ്ദത്തോടെ തിളക്കമാർന്ന വെള്ള ജ്വാല പൊട്ടിത്തെറിച്ചു, വിക്ഷേപണത്തറയെ ഒന്നാകെ അഗ്നി മൂടി. നിമിഷങ്ങൾക്കകം നാസയുടെ ചരിത്രത്തിലെ ഏറ്റവും ശക്തമായ റോക്കറ്റ് ആകാശത്തേക്ക് കുതിച്ചുയർന്നു. 'എല്ലാ മനുഷ്യരാശിക്കും വേണ്ടി ഞങ്ങൾ പുറപ്പെടുന്നു' - ആദ്യ സന്ദേശം ആർട്ടിമിസ് 2 പേടകത്തിൽനിന്നു ഭൂമിയിലേക്ക്.

അര നൂറ്റാണ്ടിനുശേഷം ചന്ദ്രനെ ലക്ഷ്യമാക്കി നാസയുടെ ആർട്ടിമിസ് 2 ദൗത്യം ഫ്ലോറിഡ തീരത്ത് നിന്ന് പറന്നുയർന്നു, നാല് സഞ്ചാരികളുമായി ചരിത്രത്തിലിടം പിടിക്കുന്ന യാത്രയ്ക്ക് തുടക്കം. നാസയുടെ സ്പേസ് ലോഞ്ച് സിസ്റ്റം (എസ്.എൽ.എസ്) അതിവേഗം ആകാശത്തേക്ക്. പിന്നെയും വേഗം കൂട്ടി. രണ്ട് കണ്ണഞ്ചിപ്പിക്കുന്ന ജ്വാലകളുടെ തൂണുകളിൽ സഞ്ചരിച്ച്... അവ വലിയ മുഴക്കം സൃഷ്ടിച്ചുകൊണ്ടിരുന്നു.

അവയുടെ ശബ്ദം വിക്ഷേപണത്തറയിൽനിന്ന് അഞ്ചു കിലോമീറ്റർ അകലെനിന്നു നോക്കിനിന്നവരുടെ പോലും ചെവിയിൽ പതിച്ചു. വിക്ഷേപണം തുടങ്ങി ഒരു മിനിറ്റ് പത്ത് സെക്കൻഡിന് ശേഷം നിരീക്ഷകർക്കിടയിൽ ചെറിയ സന്തോഷ ആരവങ്ങൾ ഉയർന്നു. ഈ ഘട്ടത്തിലാണ് റോക്കറ്റിൽ ഏറ്റവും കൂടുതൽ സമ്മർദം അനുഭവപ്പെടുന്നത്. ചെറിയ ഘടനാപരമായ ബലഹീനത പോലും വിനാശകരമായേക്കാം എന്ന് എൻജിനീയർമാർക്ക് അറിയാം.

യാതൊരു ബലഹീനതയും ഉണ്ടായിരുന്നില്ല. എസ്.എൽ.എസ്. അറ്റ്ലാന്റിക്കിന് മുകളിലൂടെ തിളങ്ങുന്ന വെളുത്ത മേഘം പോലെ വളഞ്ഞു, പുകയുടെ വെളുത്ത പാത ബാക്കിവച്ച് ശബ്ദം ഇല്ലാതായി. ബഹിരാകാശ പേടകം ചെറുതായിക്കൊണ്ടേയിരുന്നു. ചന്ദ്രനെതേടി ഒറ്റ തിളക്കമുള്ള നക്ഷത്രംപോലെ ചെറുതായി. അതിനുപിന്നാലെ, കെന്നഡി സ്പേസ് സെന്ററിലെ ജീവനക്കാർക്കിടയിൽനിന്ന് ആരവം ഉയർന്നു.

ചിലർക്ക് ആ യാത്ര വളരെ വൈകാരികമായി തോന്നി. ഒരു ആരാധകന് കരയണമെന്നു തോന്നിയത്രേ. ആവേശത്തോടെയായിരുന്നു അവരുടെ പ്രതികരണങ്ങൾ.

കഴിഞ്ഞ കുറച്ച് മാസങ്ങളായി ആർട്ടിമിസ് 2 വിക്ഷേപണത്തോട് അടുത്ത് വരികയും എന്നാൽ വിവിധ കാരണങ്ങളാൽ റദ്ദാക്കപ്പെടുകയും ചെയ്തതിന്റെ പിരിമുറുക്കം അവർക്കുണ്ടായിരുന്നു. അത് ഒഴിഞ്ഞതിന്റെ സന്തോഷം ആ ആരവങ്ങളിലുണ്ടായിരുന്നു.

അവർ ചിരിച്ചും കൈയടിച്ചും ആ നിമിഷങ്ങൾ ആഘോഷിച്ചു. അത് വർഷങ്ങളോളം അവർ പ്രവർത്തിച്ചതിന്റെ ഫലമാണ്. ഇനിയും ജോലികളുണ്ട്, പക്ഷേ ഇപ്പോഴവർ വിജയത്തിന്റെ നിമിഷം ആസ്വദിക്കുന്നു. വിക്ഷേപണത്തിന് ഒരു മണിക്കൂർ മുമ്പ് പോലും ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അവ ലോഞ്ച് അബോർട്ട് സിസ്റ്റത്തെ സംബന്ധിച്ചായിരുന്നു. തകരാറുണ്ടെങ്കിൽ സഞ്ചാരികളെ പുറത്തെടുക്കാനും റോക്കറ്റ് പൊട്ടിത്തെറിപ്പിക്കാനും നാസ എൻജിനീയർമാരെ സഹായിക്കുന്ന സംവിധാനമാണത്. എൻജിനീയർമാർ പ്രശ്നം പരിഹരിക്കുന്നതുവരെ കൗണ്ട്ഡൗൺ ക്ലോക്ക് 10 മിനിറ്റിൽ നിർത്തിവച്ചു. അവർ വേഗത്തിൽ പ്രവർത്തിച്ചു, എന്നാൽ വിക്ഷേപണം മുന്നോട്ട് പോകുമോ എന്ന് അറിയാനുള്ള കാത്തിരിപ്പ് പലർക്കും അസഹനീയമായിരുന്നു.

പിന്നീട് റോക്കറ്റിന്റെ പ്രധാനപ്പെട്ട സംവിധാനങ്ങൾക്ക് ഉത്തരവാദികളായ ഓരോ എൻജിനീയറുടെയും വാക്കുകൾ ഒരു താളത്തിൽ കേൾക്കാൻ സാധിച്ചു: 'ബൂസ്റ്റർ, ഗോ', 'ജിഎൻസി, ഗോ', 'റേഞ്ച്, ഗോ' – ഓരോ മറുപടിയും പിരിമുറുക്കം കുറയ്ക്കുകയും പ്രതീക്ഷ വർധിപ്പിക്കുകയും ചെയ്തു.

'ആർട്ടിമിസ് 2, ഇത് ലോഞ്ച് ഡയറക്ടറാണ്,' നാസയുടെ ആദ്യ വനിതാ ലോഞ്ച് ഡയറക്ടറായ ചാർലി ബ്ലാക്ക്വെൽ തോംസൺ പറഞ്ഞു.

'നിങ്ങൾക്ക് വിക്ഷേപണത്തിന് അനുമതിയുണ്ട്,' അവർ സഞ്ചാരികളോട് പറഞ്ഞു. 'എല്ലാ മനുഷ്യരാശിക്കും വേണ്ടി ഞങ്ങൾ പുറപ്പെടുന്നു,' കമാൻഡർ റീഡ് വൈസ്മാൻ പ്രതികരിച്ചു.

സാധാരണ സാഹചര്യങ്ങളിൽ ഇത് വെറും വാക്കുകളാകാം, പക്ഷേ ആ നിമിഷം പ്രധാനമാണ്. ചരിത്രം സൃഷ്ടിക്കാനായി പോകുന്നു എന്നാണർഥം. കെന്നഡി സ്പേസ് സെന്റർ ചന്ദ്രനിലേക്ക് സഞ്ചാരികളെ അയക്കാനാണ് നിർമിച്ചത്, എന്നാൽ 1972 ൽ അപ്പോളോ 17 വിക്ഷേപിച്ചതിന് ശേഷം അത് സംഭവിച്ചിട്ടില്ല. ഇന്നലെ ആ സെന്റർ അതിന്റെ ഉദ്ദേശ്യത്തിനായി വീണ്ടും പ്രവർത്തിക്കാൻ തുടങ്ങി. വിക്ഷേപണം റദ്ദാക്കാൻ ഭീഷണിപ്പെടുത്തിയിരുന്ന മേഘങ്ങൾ മാഞ്ഞുപോയിരുന്നു. കൗണ്ട്ഡൗൺ ക്ലോക്ക് വീണ്ടും ആരംഭിച്ചപ്പോൾ, അന്തരീക്ഷത്തിൽ പ്രതീക്ഷ.

നാല് ആർ.എസ്. 25 എൻജിനുകളും ഇരട്ട സോളിഡ് റോക്കറ്റ് ബൂസ്റ്ററുകളും കത്തിജ്വലിച്ചു, ഫ്ലോറിഡയുടെ സായാഹ്ന ആകാശത്തേക്ക് 8.8 ദശലക്ഷം പൗണ്ടിലധികം ഊർജം പ്രവഹിപ്പിച്ചു.

'ദൈവം നിങ്ങളെ കാക്കട്ടെ ആർട്ടിമിസ് 2,' ബ്ലാക്ക്വെൽ തോംസൺ പറഞ്ഞു, പഴയ ഓർമ്മകളെ ഉണർത്തുന്ന വാക്കുകളായിരുന്നു അത്. 1962 ൽ ജോൺ ഗ്ലെന്നിനെ, ഭൂമിയെ ഭ്രമണം ചെയ്ത ആദ്യത്തെ അമേരിക്കക്കാരനെ, അയച്ച വിക്ഷേപണത്തിലും ഇതേ വാക്കുകൾ ഉപയോഗിച്ചിരുന്നു. എന്നാൽ എസ്.എൽ.എസ്. വിക്ഷേപണം കൂടുതൽ സൗന്ദര്യമുള്ളതായി തോന്നും. അതിന് കൂടുതൽ അർഥമുണ്ടായിരുന്നു. അത് കണ്ട എല്ലാവർക്കും വൈകാരികമായ ഒരു നിമിഷം. ഒരുപക്ഷേ നമ്മൾ ബഹിരാകാശ യാത്രയുടെ ഒരു പുതിയ യുഗത്തിലേക്ക് പ്രവേശിക്കുകയാകാം.

1990 കളിൽ, 1969 ൽ ചന്ദ്രനിൽ കാൽകുത്തിയ ആദ്യത്തെ മനുഷ്യനായ നീൽ ആംസ്ട്രോങ് പറഞ്ഞു. 'യാഥാർത്ഥ്യം മങ്ങിയതാകാം, പക്ഷേ സ്വപ്നം ഇപ്പോഴും നിലനിൽക്കുന്നു, അത് കാലക്രമേണ തിരിച്ചുവരും.' - നാസ ചാന്ദ്ര യാത്രകൾ അവസാനിപ്പിച്ചതിനെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. മനുഷ്യ ബഹിരാകാശയാത്രയുടെ സ്വപ്നം അവസാനിച്ചതായി തോന്നിയിരുന്ന ഒരു സമയത്താണ് അദ്ദേഹം ആ വാക്കുകൾ പറഞ്ഞത്. ആംസ്ട്രോങ്ങിന്റെ വാക്കുകൾ വീണ്ടും ഓർമിപ്പിച്ചുകൊണ്ട് ആർട്ടിമിസ് 2 മനുഷ്യരുമായി ചന്ദ്രനിലേക്ക്...

10 ദിവസത്തെ ബഹിരാകാശ വാസം

മനുഷ്യ ശരീരത്തിൽ ഉണ്ടാക്കാൻ സാധ്യതയുള്ള മാറ്റങ്ങൾ

● റേഡിയേഷൻ: ഓക്കാനം, വയറുവേദന എന്നിവ ഉണ്ടാക്കാൻ സാധ്യതയുണ്ട്.

● മൈക്രോഗ്രാവിറ്റി : ആദ്യത്തെ കുറച്ച് ദിവസങ്ങളിൽ ചലന അസുഖം, പേശികളുടെ നാശം എന്നിവയ്ക്ക് കാരണമായേക്കാം.

● ദ്രാവക മാറ്റങ്ങൾ: ശരീരദ്രാവകങ്ങൾ തലയിലേക്ക് നീങ്ങുന്നതിനാൽ വീക്കത്തിനും തലവേദനയ്ക്കും കാരണമാകാം.

● ഉറക്ക തടസ്സങ്ങൾ: തെളിച്ചമുള്ള വിളക്കുകൾ ഉറക്കത്തിന്റെ ഗുണമേന്മ കുറയ്ക്കാൻ സാധ്യതയുണ്ട്.

● മാനസിക സമ്മർദം: ഒറ്റപ്പെടലും ദൗത്യത്തിന്റെ സ്വഭാവവും കാരണം ഇത് ഉണ്ടാകാം.

ദൗത്യത്തിന്റെ സമയത്ത്, ഓറിയോൺ ബഹിരാകാശ പേടകത്തിലെ എല്ലാ സംവിധാനങ്ങളും യാത്രികർ പരിശോധിക്കുകയും ദീർഘദൂര ബഹിരാകാശ യാത്രയുടെ ആരോഗ്യപരമായ ഫലങ്ങളെക്കുറിച്ച് മനസിലാക്കാൻ ജീവശാസ്ത്രപരമായ ഡേറ്റ ശേഖരിക്കുകയും ചെയ്യും. ഇത് ചൊവ്വയിലേക്കുള്ള ദീർഘദൂര യാത്രകൾ പോലുള്ള ഭാവി ദൗത്യങ്ങൾക്ക് സഹായകമാകും.

ആർട്ടെമിസ് 2 ദൗത്യം ചന്ദ്രനിൽ ഇറങ്ങുന്നതിനും തുടർന്ന് ചന്ദ്രനിൽ ദീർഘകാല സാന്നിധ്യം സ്ഥാപിക്കുന്നതിനുമുള്ള ആദ്യപടിയായാണു കാണുന്നത്.

നഷ്ടപ്പെട്ടു

എന്റെ 2023 മാർച്ചിലെ SSLC ബുക്ക് (Reg. No.- 396752) നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ലിക്കേറ്റിനായി അപേക്ഷിക്കുകയാണ്. ആക്ഷേപമുള്ളവർ 15 ദിവസത്തിനകം പരീക്ഷ ഭവൻ സെക്രട്ടറിക്ക് പരാതി നൽകേണ്ടതാണ്.
Jishnu Satheesan, vazhikudilil - House, Veliyanadu P.O, Arakunnam. Ph - 9961120271.

MABEN NIDHI LIMITED
A MANAPPURAM GROUP ENTERPRISE
Regd. Office: First Floor, JP Mart, Near High School Junction, Valapad, Thrissur - 680567, CIN: U65991KL1993PLN007584
Ph: 9497 490 005, Email: mail@maben.in, Website: www.maben.in

മെമ്പർമാർക്കുള്ള അറിയിപ്പ്

മാബെൻ നിധി ലിമിറ്റഡിന്റെ 31/03/2026 ലെ ഡയറക്ടർ ബോർഡ് യോഗം 10% ഇടക്കാല ലാഭവിഹിതം പ്രഖ്യാപിച്ചിരിക്കുന്നു (ഷെയറിനു 1 രൂപ). പ്രസ്തുത തുക ഫെഡറൽ ബാങ്കിന്റെ തൃശ്ശൂർ ശാഖയിൽ നിക്ഷേപിച്ചിട്ടുണ്ട്. 28/02/2026നോ അതിനു മുൻപോ അംഗങ്ങൾ ആയവർക്ക് ലാഭവിഹിത സംഖ്യക്ക് അർഹതയുണ്ട്. ടി സംഖ്യ 30/04/2026 തിയ്യതിക്കകം കൈപ്പറ്റേണ്ടതാണ്. കൈപ്പറ്റാതെ വരുന്ന സംഖ്യകൾ അതാത് അംഗങ്ങളുടെ അക്കൗണ്ടിൽ വരവ് വെക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കമ്പനിയുടെ ശാഖകളുമായി നേരിട്ടോ 9497490005, 8086099778, Email ID: acs@maben.in ബന്ധപ്പെടാവുന്നതാണ്.
For Maben Nidhi Limited
Anoop P
02/04/2026 Company Secretary

Change Of Name

I, E Betty warunny, D/O Edathaparambil Mathew Warunny R/o 1 A Noel Serenia Apartments, Mundampalam Road, Athani, Thrikkakara P O, VTC: Thrikkakara North (Part), PO: Vadacode, Sub District: Ernakulam, State: Kerala - 682021. have changed my name and shall hereafter be Known as Betty Warunny

Change Of Name

I, Vivin Vijayapalan S/O P A Vijayapalan, R/o Paramel House, Rockon Villa, Off Manidom Road, Puranattukara, Thrissur, Kerala - 680551. Declare that Name of My Mother has been wrongly written as Galsala Vijayapalan in my Master of Business Administration Under Online Semester I, Semester II, and Semester III. The actual name of My Mother is Valsala Vijayapalan, which may be amended accordingly.

കോട്ടയം ജില്ലാ കുടുംബ കോടതി മുമ്പാകെ
O.P. No. 25/2025

ഹർജിക്കാരി : ധന്യ തോമസ് ടിയാളെ പ്രതിനിധീകരിച്ച് മുക്ത്യാറുകാരി മറിയാമ്മ തോമസ്.
എതൃകക്ഷി : ലിൻസൺ കെ. ഫിലിപ്പ്
I.A. No. /2026
ഹർജിക്കാരി/ഹർജിക്കാരി : കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, ആനിക്കാട് വില്ലേജിൽ, പുളിക്കൽകവല പി.ഒ.യിൽ, തണ്ണിപ്പാറ വീട്ടിൽ, ലിൻസൺ കെ. ഫിലിപ്പ് ഭാര്യ 42 വയസുള്ള ധന്യ തോമസ് ഇപ്പോൾ താമസം Way No. 4040, Building No. 4328, Flat No. 5, Ghubra North, Muscat ടിയാളെ പ്രതിനിധീകരിച്ച് മുക്ത്യാറുകാരി പത്തനംതിട്ട ജില്ലയിൽ, ചെട്ടിമുക്ക്, വൈപ്പൂർ പി.ഒ.യിൽ, പ്ലാപ്പറമ്പിൽ വീട്ടിൽ ജോർജ് തോമസ് ഭാര്യ 65 വയസുള്ള മറിയാമ്മ തോമസ്.
എതൃകക്ഷി/അസൽ എതൃകക്ഷി : എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ, കൊമ്പനാട് പി.ഒ.യിൽ, കോട്ടപ്പുറം വീട്ടിൽ ഫിലിപ്പ് കെ.എസ്. മകൻ 42 വയസുള്ള ലിൻസൺ കെ. ഫിലിപ്പ്.
മേൽ നമ്പർ കേസിൽ എതൃകക്ഷിയെ തെര്യപ്പെടുത്തുന്നത്.
മേൽ നമ്പർ ഹർജിയിൽ എതൃകക്ഷി ഹാജരാകുന്നതിലേക്ക് 20.4.26 തീയതി അവധി വച്ചിട്ടുള്ളതാണ്. ടി കേസിൽ എതൃകക്ഷിക്ക് എന്തെങ്കിലും തർക്കം ബോധിപ്പിക്കാനുണ്ടെങ്കിൽ 20.4.26 തീയതി പകൽ 11 മണിക്ക് ബഹു: കോടതി മുമ്പാകെ താങ്കൾ നേരിട്ടോ അഭിഭാഷകൻ മുഖേനയോ ഹാജരായി തർക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം തർക്കം ഇല്ലെന്നുകണ്ട് ടി എതൃകക്ഷിയെ എക്സ്പാർട്ടിയാക്കി തീർപ്പ് ചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തുന്നു.
ഉത്തരവിൻപ്രകാരം
ഹർജിക്കാരി ഭാഗം അഡ്വക്കേറ്റ്: നിധിൻ എം.കെ. (ഒപ്പ്)
ഏറ്റുമാനൂർ

കേരള സംസ്ഥാന ഭാഗ്യക്കുറി KARUNYA PLUS KN-617 DRAW RESULT 02/04/2026

ഒന്നാം സമ്മാനം ₹1 കോടി: PF 382980 കോട്ടയം

സമാശ്വാസ സമ്മാനം ₹5000: PA 382980 PB 382980 PC 382980 PD 382980 PE 382980 PG 382980 PH 382980 PJ 382980 PK 382980 PL 382980 PM 382980

രണ്ടാം സമ്മാനം ₹30 ലക്ഷം: PH 112390 ഗുരുവായൂർ

മൂന്നാം സമ്മാനം ₹5 ലക്ഷം: PG 354325 കൊല്ലം

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0454 0483 1153 1532 3271 3581 3787 3792 4633 7393 7961 8104 8195 8235 8486 8882 9495 9524 9652

അഞ്ചാം സമ്മാനം ₹2000: 3291 3374 5583 5839 7303 9053

ആറാം സമ്മാനം ₹1000: 0475 0677 1289 1703 2601 3243 3283 3584 3598 3707 4513 4691 4736 6607 6837 7234 7313 8207 8352 9161 9310 9583 9812 9885 9957

ഏഴാം സമ്മാനം ₹500: 0042 0256 0274 0350 0360 0789 0817 1189 1265 1349 1500 1982 2030 2373 2501 2552 2803 2807 2854 3005 3461 3729 3733 3750 3796 3910 4094 4187 4228 4442 4490 4707 4713 4868 4907 5305 5463 5505 5562 5645 5738 5801 5935 6018 6049 6060 6100 6113 6317 6466 6570 7289 7386 7409 7449 7471 7515 7702 7709 7933 8006 8166 8213 8472 8721 8777 8792 8846 9094 9100 9177 9295 9328 9446 9539 9996

എട്ടാം സമ്മാനം ₹200: 0041 0075 0155 0207 0297 0348 0522 0607 0638 0657 0752 0810 0957 1015 1062 1106 1142 1273 1596 1607 1834 2018 2190 2299 2316 2317 2337 2896 3020 3124 3132 3512 3545 3872 3877 3898 4266 4540 4634 5111 5363 5416 5612 5640 5677 5943 5992 6097 6110 6288 6300 6314 6356 6401 6876 7059 7192 7216 7424 7655 7898 8000 8013 8079 8112 8277 8286 8409 8430 8607 8749 8797 8860 9164 9180 9266 9321 9365 9375 9386 9480 9522 9538 9584

ഒൻപതാം സമ്മാനം ₹100: 0009 0048 0085 0104 0177 0211 0287 0292 0317 0364 0439 0528 0586 0630 0712 0794 0834 1004 1181 1259 1279 1374 1402 1494 1508 1512 1582 1586 1693 1782 1812 1821 1824 1995 2040 2110 2142 2147 2250 2370 2375 2388 2444 2505 2530 2579 2581 2591 2610 2627 2707 2742 2898 2947 2955 2969 2974 2993 3057 3103 3284 3392 3555 3571 3597 3607 3610 3626 4010 4024 4193 4221 4427 4466 4598 4601 4663 4688 4778 4813 5159 5224 5387 5495 5605 5606 5608 5669 5688 5805 5807 5810 5818 5856 5881 5890 5900 6026 6159 6194 6199 6294 6409 6429 6439 6463 6500 6507 6614 6720 6764 6905 6975 7001 7003 7096 7114 7118 7150 7304 7305 7405 7455 7521 7532 7536 7595 7654 7668 7681 7732 7782 7799 7816 7821 7904 8037 8296 8388 8574 8625 8633 8798 8858 8871 9112 9130 9148 9257 9267 9350 9393 9396 9515 9548 9839

BEFORE M A C T, PERUMBAVOOR
O.P.(M.V.) No. 560/ 2023 & 561/2023
Petitioner : RAGHAVAN K.
Respondents : Telson Paul etc...3
Notice to R1 : Telson Paul, S/o. Joseph Paul, Venukattu House, Asokapuram, Aluva P.O., Aluva village, Aluva Taluk, Ernakulam Dist., Pin-683101
Take notice that above case posted to 8/5/26 at 11 am. If you fail to appear before this Court petition will be decided in your absence.
(Sd/-) Rocky. P. Areeckal
Advocate

BEFORE M A C T, PERUMBAVOOR
O.P.(M.V.) No. 658/ 2023
Petitioner : Alphonsa Paily etc...4
Respondents : Libin Paul etc...3
Notice to R2 : Abin Benny, Chackalackal House, Panickankudy, Parathodu P.O., Konnathady Village, Idukki Taluk, Idukki Dist., Pin– 685 571.
Take notice that above case posted to 16/5/2026 at 11 am. If you fail to appear before this Court petition will be decided in your absence.
(Sd/-)
Rocky. P. Areeckal
Advocate

നഷ്ടപ്പെട്ടു

എന്റെ പിതാവ് രാമൻ S/o കേശവൻ കണ്ണംപറമ്പിൽ, മടപ്ലാതുരുത്ത്, മൂത്തകുന്നം, പറവൂർ താലൂക്ക് എന്ന ആളുടെ പേരിലുള്ള വൈപ്പിൻ ലാൻഡ് ട്രൈബ്യൂണലിന്റെ 1991-ലെ 4729-ാം നമ്പർ പതിച്ചു കൊടുക്കൽ സർട്ടിഫിക്കറ്റ് പ്രകാരം സിദ്ധിച്ചിട്ടുള്ളതും 1970 - ലെ 212-ാം നമ്പർ ഭാഗാധാര പ്രകാരം B പട്ടിക പറവൂർ SRO -- വസ്തുവായി കാണിച്ചിട്ടുള്ള 21.45 ആർ (53 സെന്റ്) വസ്തുവകകൾ എന്റെ പിതാവിന് ലഭിച്ചിട്ടുള്ളതാകുന്നു. ടി വസ്തു വകകളുടെ ഒറിജിനൽ 1991-ലെ 4729-ാം നമ്പർ പതിച്ചു കൊടുക്കൽ സർട്ടിഫിക്കറ്റും 1970-ലെ 212-ാം നമ്പർ ഭാഗാധാര ആധാരത്തിന്റെ ഒറിജിനലും യാത്രാമധ്യേ നഷ്ടപ്പെട്ടു പോയിട്ടുള്ളതാകുന്നു. മൂത്തകുന്നം വില്ലേജ് സർവ്വേ നമ്പർ 291/21ൽ 20.50 ആർ വസ്തുവും 291/223 ൽ 0.95 ചമി വസ്തുവും ഒന്നായി കിടക്കുന്ന 21 ആർ 45 ചമി വസ്തുവുള്ളതാകുന്നു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു.
എന്ന്, കെ.ആർ റിന,
W/o T.G വേണുഗോപാൽ,
11/3003,തൈക്കൂട്ടത്തിൽ ഹൗസ് പള്ളിച്ചാൽ, പ്യാരി ജംഗ്ഷൻ, തോപ്പുംപടി, 682005

IN THE COURT OF MUNSIFF AT KOTHAMANGALAM
O. S No. 23 /2026
Petitioner/Plaintiff :
Sanchika Super Store Pvt. Ltd;, Thankalam, Eramalloor Village, Kothamangalam Rep.by Manging Director, Dr. Vijith V Nangelil, aged 45 yrs, S/o Dr. Vijayan, Nangelil House, Elambra Kara. Eramalloor Village, Kothamangalam, Pin 686691
Respondents/Defendants :
1. INTUC Kothamangalam Taluk Committee, Indira Bhavan, Kothamangalam P.O, Kothamangalam Kara, Kothamangalam Village, rep. by its President, Pin 686691
2. CITU Kothamangalam Area Committee, A.K.G Bhavan, Kothamangalam P.O, Kothamangalam Kara, Kothamangalam Village, rep. by its Secretary, Pin 686691
3. AITUC, Kothamangalam Mandalam Committee, rep. by its Secretary, Achuthamenon Smaraka Mandiram, College Road, Kothamangalam Pin 686691
4. BMS Kothamangalam Taluk Committee, Veeppanattu Building Kothamangalam P.O rep. by its President, Pin 686691
Please take notice that above Original Suit filed for injunction regarding the loading and unloading of goods from the property of the plaintiff in representative capacity for the interested parties through the defendants and necessary sanction under order 1 Rule 8 CPC granted by the court. The case is posted to 27.06.26 If anyone have any interest in the said matter, shall appear before court directly, or through pleader and submit objection if any and documents thereof, otherwise the case shall be disposed accordingly.
Dated this the 23rd day of March, 2026
Adv. V.M.Bijukumar

UJJIVAN SMALL FINANCE BANK

Registered Office: Grape Garden, No.27, 3rd "A" Cross, 18th Main, 6th Block, Koramangala, Bengaluru – 5600095, Karnataka.
Branch Office: No.67/2926(1), Ground Floor,Vithayathil Building, Old Railway Station Road, Ernakulam North, Kerala-682 018

ഇ-ലേല–വിൽപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, അനുസരിച്ചും 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8 (6) പ്രകാരവും സ്ഥാവര സ്വത്തുക്കൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപന അറിയിപ്പ്.
പൊതുജനങ്ങൾക്കു പൊതുവായും വായ്പക്കാർക്കും ജാമ്യക്കാർക്കും പ്രത്യേകിച്ചും നൽകുന്ന മുന്നറിയിപ്പ് എന്തെന്നാൽ താങ്കൾക്കു പണയപ്പെടുത്തിയിരിക്കുന്നതും ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ സർഫാസി ആക്ടിന്റെ സെക്ഷൻ 13(4) പ്രകാരം നടപടികൾ വിനിയോഗിച്ച് കൈവശപ്പെടുത്തിയിരിക്കുന്ന താഴെ വിവരിച്ചിരിക്കുന്ന അക്കൗണ്ടിലെ പണത്തുകകളുടെ ഇ-ലേലം ബാങ്കിന്റെ കുടിശ്ശികകൾ വീണ്ടെടുക്കുന്നതിനായി എവിടെയാണോ അതുപോലെ', 'എങ്ങനെയാണോ അതുപോലെ, എന്താണോ അതുപോലെ എന്നും താഴെ നിർദേശിച്ചിരിക്കുന്ന തിയതിയിൽ നടത്തുമെന്ന് അറിയിക്കുന്നു.

ലോൺ അക്കൗണ്ട് നമ്പർ/ വായ്പക്കാരന്റെ / സഹ-വായ്പക്കാരന്റെ / ഗ്യാരണ്ടറുടെ പേര്	(i) 13 – 2 നോട്ടീസ് തിയതി & ഡിമാൻഡ് തുക (ii) കൈവശപ്പെടുത്തിയ തിയതി	നിലവിലെ കുടിശ്ശിക ബാലൻസ്	റിസർവ് പ്രൈസ് INR-ൽ	നിരതദ്രവ്യം (ഇഎംഡി) INR-ൽ
1193210090000001 1. M/s അനിരാലിൻ ഫ്യൂഷൻസ് 2. മിസ്റ്റർ എ എം സുരേന്ദ്രൻ 3. മിസിസ് മോളി കെ സി	(i) 12.02.2025 Rs. 82,57,641/- (രൂപ എൺപത്തിരണ്ട് ലക്ഷത്തി അമ്പത്തിഏഴായിരത്തി അറുന്നൂറ്റി നാല്പത്തിയൊന്ന് മാത്രം) 29.01.2025 വരെ ii) പ്രതീകാത്മക കൈവശാവകാശം 10.07.2025 & ഭൗതിക കൈവശാവകാശം 15.01.2026	Rs. 95,22,893.87 (രൂപ തൊണ്ണൂറ്റിഅഞ്ച് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിമൂന്ന് പൈസ എൺപത്തിഏഴ് മാത്രം) 23.03.2026 പ്രകാരം	₹1,07,76,000/- (രൂപ ഒരു കോടി ഏഴ് ലക്ഷത്തി എഴുപത്തിയാറായിരം മാത്രം)	₹10,77,600/- (രൂപ പത്ത് ലക്ഷത്തി എഴുപത്തിഏഴായിരത്തി അറുന്നൂറ് മാത്രം)

സ്വത്ത് വിവരണം/പട്ടിക: മരട് വില്ലേജിൽ, ബ്ലോക്ക് നം.13, പഴയ സർവ്വേ നം. 572, റീ-സർവ്വേ നം.377/5ൽ ഉൾപ്പെട്ട 28.35 ആർസ് സ്ഥലത്തിന്മേലുള്ള 1/60 ഓഹരി അവിഭാജ്യ അവകാശവും, അതോടൊപ്പം കണയന്നൂർ താലൂക്ക്, എറണാകുളം ജില്ലയിൽ, 'ഗ്രാൻഡ് മെഡോസ്' എന്ന പേരുള്ള കെട്ടിടത്തിൽ, ഗ്രൗണ്ട് ഫ്ലോറിൽ അനുവദിച്ചിട്ടുള്ള മൂടപ്പെട്ട കാർ പാർക്കിംഗ് സ്ഥലവും മറ്റ് പൊതു സൗകര്യങ്ങളും ഉൾപ്പെടെ, മൂന്നാം നിലയിലുള്ള 28.58 ചതുരശ്ര മീറ്റർ സൂപ്പർ ബിൽറ്റ്-അപ്പ് ഏരിയയോടു കൂടിയ പൂർത്തിയാകാത്ത അപ്പാർട്ട്മെന്റ് നം.3 B യും. ലൊക്കേഷൻ സ്കെച്ച് (നം.795/202223) പ്രകാരം, റീ-സർവ്വേ നം.377/5ലെ 28.35 ഏക്കർ ഭൂമിയുടെ അതിരുകൾ താഴെ പറയും പ്രകാരമാണ്: കിഴക്ക്: റോഡ്, തെക്ക്: തോമസ് വടലാട്ടിന്റെ വക സ്വത്ത്, പടിഞ്ഞാറ്: കനാൽ, വടക്ക്: നാഗ്ഫൽ ബിൽഡേഴ്സിന്റെ വക സ്വത്ത്.

ഇ-ലേലത്തിന്റെ തിയതിയും സമയവും : 13.05.2026 രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ

ബിഡ് സമർപ്പിക്കേണ്ട അവസാന തിയതി: 12.05.2026 -നോ അതിനുമുമ്പോ രാവിലെ 10.00 നും വൈകുന്നേരം 5.00 നും ഇടയിൽ
വസ്തുവിന്റെ പരിശോധന തിയതിയും സമയവും: 11.05.2026, രാവിലെ 10.00 നും വൈകുന്നേരം 5.00 നും ഇടയിൽ

കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് അംഗീകൃത ഓഫീസറെ ബന്ധപ്പെടുക: മിസ്റ്റർ ആദിത്യ – 95435 91627 & മിസ്റ്റർ ടിജോ സാജൻ – 78451 92961

എവിടെയുണ്ടോ അതുപോലെ', 'എങ്ങനെയാണോ അതുപോലെ, എന്താണോ അതുപോലെ എന്ന രീതികളിലാണ് ഇ-ലേലം നടക്കുന്നത്.
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഇ-ലേല സേവന ദാതാവ് - M/s സി1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് വഴിയാണ് ഇ-ലേലം നടത്തുന്നത്. ബന്ധപ്പെടേണ്ട ആൾ ശ്രീ. പ്രഭാകരൻ (മൊബൈൽ നമ്പർ. 74182 81709) ബന്ധപ്പെടുക. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വെബ്സൈറ്റിലെ പ്രോപ്പർട്ടികളുടെ വിശദാംശങ്ങൾക്ക് https://www.bankeauctions.com അല്ലെങ്കിൽ https://www.ujjivansfb.in/e-auctions സന്ദർശിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിന് https://www.bankeauctions.com എന്ന പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്ത് യൂസർ ഐഡിയും പാസ്‌വേഡും സൗജന്യമായി നേടണം. സാധുതയുള്ള ലേലക്കാർക്ക് സേവന ദാതാവായ M/s സി1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് ഇ-ലേലത്തിൽ ഓൺലൈൻ പരിശീലനം ലഭിക്കും. ഹെൽപ്പ്‌ലൈൻ നമ്പർ-72919 81124, 25, 26 സപ്പോർട്ട് ഇമെയിൽ ഐഡി: support@bankeauctions.com. ലേല പോർട്ടൽ - https://www.bankeauctions.com.
വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ഞങ്ങളുടെ ബാങ്കിന്റെ / സെക്യൂർഡ് ക്രെഡിറ്ററുടെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്ക് പരിശോധിക്കുക. അതായത്, https://www.ujjivansfb.in/e-auctions / https://www.bankeauctions.com.

തിയതി : 03.04.2026 സ്ഥലം: ബാംഗ്ലൂർ
(Sd/-)
അധികാരപ്പെട്ട ഓഫീസർ
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ്

സൗത്ത് റെയിൽവേ സ്റ്റേഷനിൽ 12 കിലോ കഞ്ചാവുമായി ഒഡിഷ സ്വദേശി അറസ്റ്റിൽ

കൊച്ചി: എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ 12 കിലോ കഞ്ചാവ് പിടികൂടി. ഈസ്റ്റർ അവധിദിനങ്ങളോട് അനുബന്ധിച്ച് ഇന്നലെ പുലർച്ചെ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ റെയിൽവേ പോലീസ് നടത്തിയ പ്രത്യേക പരിശോധനയിലാണ് 3.5 കിലോ കഞ്ചാവുമായി ഒഡിഷ സ്വദേശി കുമുദപ്രധാൻ(38) പിടിയിലായത്. എറണാകുളം റെയിൽവേ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ സബ് ഇൻസ്പെക്ടർ എ.നിസാറുദ്ധീന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. തുടർന്ന്
റെയിൽവേ പോലീസ് പ്ലാറ്റ്ഫോമുകളിലും മറ്റും നടത്തിയ തിരച്ചിലിലാണ് ഒമ്പതു കിലോയോളം വരുന്ന കഞ്ചാവ് കൂടി കണ്ടെത്തിയത്. കഴിഞ്ഞവർഷം മാത്രം ട്രെയിൻ മാർഗം വഴി കടത്തിയ 400 കിലോയോളം കഞ്ചാവ് എറണാകുളം റെയിൽവേ പോലീസ് പിടികൂടിയിരുന്നു. എറണാകുളം റെയിൽവേ പോലീസ് സബ് ഇൻസ്പെക്ടർമാരായ എ.നിസാറുദീൻ, രവിക്കുട്ടൻ, സീനിയർ സിവിൽ പോലീസ് ഓഫീസർ അനിൽകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ തോമസ്, ഹരികൃഷ്ണൻ, കിഷ്ലാൽ, അർജ്ജുൻ തുടങ്ങിയവർ അന്വേഷണസംഘത്തിലുണ്ടായിരുന്നു.

വോട്ടേഴ്സ് സ്ലിപ്പുകൾ വിതരണം ചെയ്യാൻ നേരിട്ടെത്തി ജില്ലാ കളക്ടർ

കാക്കനാട്; ജില്ലാ കളക്ടർ ജി പ്രിയങ്കയിൽ നിന്ന് നേരിട്ട് വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ്പ് വാങ്ങാൻ കഴിഞ്ഞ സന്തോഷത്തിൽ ആയിരുന്നു ചത്തിയാത്ത് വാക്ക് വേക്ക് സമീപത്തുള്ള തച്ചപ്പുഴ ലെയ്ൻ നിവാസികൾ.

ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും വോട്ടേഴ്സ് സ്ലിപ്പുകൾ വിതരണം ചെയ്യുന്ന പ്രക്രിയ പുരോഗമിക്കുകയാണ്. വോട്ടർമാർക്ക് തടസ്സങ്ങളില്ലാതെ വോട്ട് രേഖപ്പെടുത്തുന്നതിനായാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർ ഇൻഫർമേഷൻ സ്ലിപ്പുകൾ നൽകുന്നത്. ലളിതവും വായനക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിലും പുനർരൂപകൽപ്പന ചെയ്തിട്ടുള്ള സ്ലിപ്പുകളിൽ വോട്ടറുടെ പാർട്ട് നമ്പറും സീരിയൽ നമ്പറും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് വോട്ടർമാർക്കും പോളിങ് ഉദ്യോഗസ്ഥർക്കും വോട്ടർപട്ടികയിൽ പേര് വേഗത്തിൽ കണ്ടെത്താൻ സഹായിക്കും. കൂടാതെ പോളിങ് സ്റ്റേഷനുകളിലെ തിരക്ക് കുറയ്ക്കുകയും ചെയ്യും.

പ്രിന്റിംഗ് സേവന നിരക്കിൽ വർധന പ്രഖ്യാപിച്ച് കെ.എം.പി.എ.

കൊച്ചി: പ്രിന്റിംഗ്–പാക്കേജിംഗ് മേഖലയെ ബാധിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലവർധനയുടെ പശ്ചാത്തലത്തിൽ, കേരള മാസ്റ്റർ പ്രിന്റേഴ്സ് അസോസിയേഷൻ (കെ.എം.പി.എ.) സംസ്ഥാനത്തുടനീളം പ്രിന്റിംഗ് സേവന നിരക്കുകളിൽ വർധന വരുത്തിയതായി അറിയിച്ചു.അച്ചടി നിരക്കുകൾ കുറഞ്ഞത് 20 ശതമാനമെങ്കിലും വർധിപ്പിക്കാതെ മുന്നോട്ട് പോകുന്നത് ദുഷ്കരമാണെന്ന് കെ.എം.പി.എ. പ്രസിഡന്റ് ലൂയി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി ഡി. മൻമോഹൻ ഷേണായി, റോ മെറ്റീരിയൽ കമ്മിറ്റി ചെയർമാൻ എം. കൃഷ്ണമൂർത്തി എന്നിവർ അറിയിച്ചു.
ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നു.

വിലനിലവാരം

സ്വർണ വില ഉയർന്നു

● വെളിച്ചെണ്ണ
വെളിച്ചെണ്ണ....26,900
വെളിച്ചെണ്ണ: മില്ലിങ്....27,400
കൊപ്ര....15,700–15,900

● പിണ്ണാക്ക്
എക്സ്പെല്ലർ....3800
പിണ്ണാക്ക് റോട്ടറി.... 4000

● കുരുമുളക്
അൺഗാർബിൾഡ്....68,700
പുതിയ കുരുമുളക്....67700
കുരുമുളക് ഗാർബിൾഡ്....70,700

● ചുക്ക്
മീഡിയം....28,000
ചുക്ക് ബെസ്റ്റ്....30,000

● മഞ്ഞൾ
നാടൻ....15,500–16,000
സേലംഈറോഡ്.... ഇല്ല
കാഞ്ഞിരകുരു....1850
അടയ്ക്ക....39,000
അടയ്ക്ക പുതിയത്....39,000
പഞ്ചസാര....4300
മുളക്....19000
ഉഴുന്ന്....9600–10,700
ചെറുപയർ....10000–13,600
കടല....8100–10100
മുതിര....5000
എള്ള്....22,000
മല്ലി....7800–9200
പച്ചരി നമ്പർ.1....4700
പുഴുക്കലരി ജയ....4200–4500

● ജാതിക്ക
തൊണ്ടൻ....(കിലോ 250–280)
ജാതിക്ക തൊണ്ടില്ലാത്ത്....580–600
ജാതിപത്രിചുവപ്പ്മഞ്ഞ....1400–1700
ജാതി ഫ്ളവർ ചുവപ്പ്....1500–2200
ജാതി ഫ്ളവർ മഞ്ഞ....2000–2200
ഗ്രാമ്പൂ....800–900

● കാലടി വിപണി
ജാതിക്കതൊണ്ടൻ–കിലോ–250–280
ജാതിക്കതൊണ്ടില്ലാത്ത്–580–600
ജാതിപത്രിചുവപ്പ്മഞ്ഞ–1400–1700
ഫ്ളവർ ചുവപ്പ്മഞ്ഞ–1500–2200

● റബർ
ആർഎസ്എസ് 5 22,500
ആർഎസ്എസ് 4 22,900
ഒട്ടുപാൽ 14,700
ലാറ്റക്സ് 15,000

● സ്വർണം
സ്വർണം പവൻ....1,09,240
സ്വർണം ഗ്രാം....13,655

സ്വർണം അവധി വ്യാപാരം
ഏപ്രിൽ....145601
ജൂൺ....148680

റബർ ബോർഡ്

● കോട്ടയം
ആർ.എസ്.എസ്.4....22,400
ആർ.എസ്.എസ്.5....22,000
ഐ.എസ്.എൻ.ആർ–20....18,900
ലാറ്റക്സ് 60%....15,535

● കൊച്ചി
ആർഎസ്എസ്–4....22,400
ആർഎസ്എസ്–5 22,000

● ബാങ്കോക്ക്
ആർ.എസ്.എസ്. 1....25,825
ആർ.എസ്.എസ്. 2....25,625
ആർ.എസ്.എസ്. 3....25,494
ആർ.എസ്.എസ്. 4....25,408
ആർ.എസ്.എസ്. 5....25,365

● ക്വാലാലംപൂർ
എസ്.എം.ആർ–20....19,546
ലാറ്റക്സ് 60%....17,118

● ആലപ്പുഴ മാർക്കറ്റ്
വെളിച്ചെണ്ണ....27400–27900
കൊപ്ര തെളിവ് 15700
കൊപ്ര ഓടെ....15750
കൊപ്ര രാശി 15800
സ്വർണം ഒരു ഗ്രാം 13650
സ്വർണം എട്ടു ഗ്രാം....109200
തങ്കം 10 ഗ്രാം 139500
വെള്ളി ഒരു കിലോ....240000

വിനിമയം

ഡോളർ....93.10
യൂറോ....107.31
പൗണ്ട്....123.02
സ്വിസ്ഫ്രാങ്ക്....116.44
സിംഗപ്പൂർ....72.84
ഓസ്ട്രേലിയൻ....64.05
കനേഡിയൻ....66.88
ബഹ്റൈൻ ദിനാർ....246.41
കുവൈത്ത് ദിനാർ....303.34
ഒമാനി റിയാൽ....246.35
സൗദി റിയാൽ....24.79
യു.എ.ഇ. ദിർഹം....25.34
ഖത്തർ റിയാൽ....26.00